(ബി) സ്വയം പര്യാപ്തത എന്ന ലക്ഷ്യം നേടാനായി ആരംഭിച്ച എല്ലാ പ്രോജക്ടുകളും പൂർത്തീകരിച്ച് ഉല്പാദനം ആരംഭിച്ചിട്ടുണ്ട്.

(സി&ഡി) ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ച തുക

59 (1211) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ വൈദ്യുതി മേഖലയ്ക്ക് സംസ്ഥാന ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വർഷത്തെ ബഡ്ജറ്റിൽ വൈദ്യുതി മേഖലയ്ക്ക് 663 കോടി രൂപയുടെ പദ്ധതി വിഹിതം നീക്കിവച്ചതായി 4/2000-ലെ പി.ആർ.ഡി. പ്രസിദ്ധീകരിച്ച "ധനവിനിയോഗത്തിൽ കാര്യക്ഷമത" എന്ന പുസ്തകത്തിൽ പ്രസ്താവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ പ്രസ്താവന ശരിയാണോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഗവൺമെന്റിന്റെ കാലത്ത് വൈദ്യുതി ബോർഡിന് നല്കിയ പദ്ധതി തുകയും വായ്പയും എത്രവീതമെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഊർജ്ജ മേഖലയ്ക്ക് 663 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പക്ഷേ, ഇതിൽ നിന്നും യാതൊരു തുകയും വിദ്യുച്ഛക്തി ബോർഡിന് നൽകാറില്ല.

(സി&ഡി) ബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി സ്റ്റേറ്റ് ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന തുകയൊന്നും നൽകാറില്ല. എന്നാൽ, എല്ലാ വർഷവും ഒരു നിശ്ചിത തുക വായ്പയായി സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ബോർഡിന് നൽകാറുണ്ട്. ടി തുക സാധാരണയായി പണമായി നൽകാറില്ല. പകരം ബോർഡ് സർക്കാരിന് നൽകാനുള്ള ഇലക്ട്രിസിറ്റി ഡ്യൂട്ടി മുതലായ ഇനങ്ങളിൽ തട്ടിക്കഴിക്കാറാണ് പതിവ്. ബോർഡ് പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നത് ബോർഡിന്റെ ആഭ്യന്തര വിഭവസമാഹരണത്തിലൂടെയും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പകൾ മുഖാന്തിരവും ബോണ്ടുകൾ പുറപ്പെടുവിച്ചും മറ്റുമാണ് 2000-2001 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് ബഡ്ജറ്റിൽ 663 കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിൽ നിന്നു യാതൊരു തുകയും ബോർഡിന് നൽകാറില്ല. 1996-97 മുതൽ ബോർഡിന് അനുവദിച്ച സർക്കാർ വായ്പയുടേയും ബോർഡിനായി സ്റ്റേറ്റ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന തുകയുടേയും വിശദാംശം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വർഷം	സ്റ്റേറ്റ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച തുക (രൂപ കോടിയിൽ)	വായ്പ
1996-97	546.49	81.05
1997-98	660.00	211.05
1998-99	635.00	124.65
1999-2000	665.00	11.05
2000-2001	663.00	25.00

(ഈ തുകകളൊന്നും ബോർഡിന് നൽകിയിട്ടില്ല.)

വൈദ്യുതി സബ്സിഡികൾ

60 (1212) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാവശ്യത്തിനായി വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ള ഉപഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള സബ്സിഡികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) കേന്ദ്രസർക്കാരിന്റെ സബ്സിഡിയും സംസ്ഥാന കൃഷി വകുപ്പിന്റെ സബ്സിഡിയും ഇനത്തിൽ വൈദ്യുതി വകുപ്പിന് കുടിശ്ശികയായി എന്തു തുക ലഭിക്കാനുണ്ട് ;

(സി) വയനാട് ജില്ലയിൽ കാർഷിക വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ള മുഴുവൻ ഉപഭോക്താക്കൾക്കും അർഹമായ സബ്സിഡികൾ എല്ലാം ലഭ്യമാക്കുന്നതിന് നടപടി കൈക്കൊള്ളുമോ ;

(ഡി) കാർഷികവൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ള സുൽത്താൻ ബത്തേരി മേജർ സെക്ഷന്റെ കീഴിൽ വരുന്ന നെൽമേനി പഞ്ചായത്തിലെ താഴത്തൂർ-നൂലക്കുന്ന് നിവാസികളുടെ സബ്സിഡി ലഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ കൈക്കൊണ്ടിട്ടുള്ള നടപടി എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ വർക്കിന് അർഹമായ കേന്ദ്ര സംസ്ഥാന സബ്സിഡി ലഭ്യമാക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) കൃഷിഭൂമിയുടെ വിസ്തൃതിക്ക് പരിധിയില്ലാതെ നെൽകൃഷിക്ക് പൂർണ്ണമായും രണ്ട് ഹെക്ടറിൽ കവിയാത്ത മറ്റെല്ലാ കാർഷികവിളകൾക്കും വൈദ്യുതി സൗജന്യമായി നല്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly